[Mr. P. M. Varghese]

the forest area it would go a long way in helping the poor. I moved the resolution, because I understand how much the people suffer from want of food.

PRESIDENT : The honourable member cannot make a speech. He must mak a statement pressing or ,withdrawing it·

MR. P. M. VARGHESE : Since honourable members have understood the necessity and usefulness of my resolution, I withdraw it. I take it that the Government also will not fail to accept the principles involved in the resolution. I withdraw it.

The resolution was, by leave, withdrawn.

RESOLUTION RE BEGGAR RELIEF CENTRES.

MR. K. R. NARAYANAN : Sir, I move the following resolution :—

"This Assembly recommends to Government that beggar relief centres be established in all the taluks where they are found in large numbers.

സർ, ഈ സഭയുടെ അനുകമ്പാപൂർവ്വമായ, അനുഭാവപൂർവ്മായ ആലോചനയ്ക്ക് ഈ നിശ്ചയം ഞാൻ അവതരിപ്പിക്കുന്നു. ഇന്നു രാവിലെ ഗവണ്മെൻറുഭാഗത്തുനിന്നും നൽകിയ ഒരു മറുപടിയിൽ ഇവിടെ പുതിയ ജനസംഖ്യക്കണക്കനുസരിച്ചു ൻ ഭ്രയാചകന്മാരുണ്ടെന്നുകാണുന്നു. യാചകന്മാർക്കു യാചകന്മാരാണെന്ന സത്യം സമ്മതിക്കുവാനുള്ള മടിമൂലം ഈ കണക്കു സത്യത്തോടു വളരെ അകന്നാണു നില്ക്കുന്നതെന്നാണു എന്റെ അഭിപ്രായം. ഫ്രൻസ്-ഭ-ലെ ജനസംഖ്യ മാനഞ്ഡമാക്കി ഇൻഡ്യ ഒട്ടുക്ക് നൂ കോടി ൻ൦ ലക്ഷം യാചകന്മാരുണ്ടെന്നാണ്—മൊത്തം ജനസംഖ്യ നൂ൭ കോടി ഭ൦ ലക്ഷം—ഒരു ലേഖനത്തിൽ സ്പെൻസർഹാച്ച പ്രസ്താവിച്ചിരിക്കുന്നതു—അതായതു മൊത്തം ജനസംഖ്യയുടെ $\frac{1}{10}$ ഭാഗം. ഈ കണക്കനുസരിച്ചു നോക്കിയാൽ നൂലക്ഷം യാചകന്മാർ—ഭിക്ഷക്കാർ—ഇവിടെ കാണണം. മതത്തിന്റെ പേരിൽ ഭിക്ഷാംദേഹികളായി നടക്കുന്നവർ, മടികൊണ്ടു തെണ്ടിനടപ്പു തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ, തൊഴിൽ ഇല്ലാത്തതുകൊണ്ടു തെണ്ടുന്നവർ, കഴിവില്ലായ്മമൂലം, ആരോഗ്യക്കുറവുകൊണ്ടു് യാചനയ്ക്കു നടക്കുന്നവർ ഇങ്ങിനെ ഇന്നത്തെ യാചകവർഗ്ഗങ്ങളെ നാലായിത്തിരിക്കാം. ഗവണ്മെൻറു ശ്രദ്ധിക്കേണ്ടതു മൂന്നും നാലും വിഭാഗങ്ങളുടെ കാര്യമാണ്. മതത്തിന്റെ പേരിൽ ഭിക്ഷയെടുക്കുന്നവർക്കു ലൈസൻസ് കൊടുക്കുക. ജനങ്ങൾക്കു മനസ്സുണ്ടെങ്കിൽ അവക്കെന്തെങ്കിലും കൊടുക്കട്ടെ. തൊഴിലില്ലായ്മപ്രശ്നം പരിഹരിക്കുകയും, ആരോഗ്യമുള്ളവർ പിച്ചയെടുക്കുന്നതു പിന്നലൈസു ചെയ്യുകയും ചെയ്താൽ രണ്ടും മൂന്നും വിഭാഗങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

കായ്യം തീന്ന. നാലാമത്തെ വിഭാഗമായ അശരണരുടെ കായ്യത്തിലാണ ഗവണ്മെൻറും പൊതുജനങ്ങളും സംഘടിതമായ ശ്രദ്ധയും അലിവും കേന്ദ്രീകരിക്കേണ്ടതു്.

ഈ പ്രശ്നം അഭിമുഖീകരിക്കേണ്ടിവരുമ്പോൾ പ്രധാനമായി ചെയ്യേണ്ടതു യാചകന്മാരെ തരംതിരിക്കുക, ആവശ്യമായ നിയമനിർമ്മാണം നടത്തുക, സംരക്ഷണത്തിനു ഫണ്ടുണ്ടാക്കുക മുതലായ സംഗതികളാണ. ആരോഗ്യമുള്ളവരെ യാചനനിയമംകൊണ്ടു തടുക്കാതെ, തൊഴിൽ ഇല്ലാതെ തെണ്ടുന്നവർക്കു തൊഴിൽസൗകര്യം കൊടുക്കാതെ, അങ്ങുമിങ്ങും അലഞ്ഞുതിരിയുന്ന സമ്പ്രദായം നിയമത്താൽ തടുക്കാതെ, ഫലപ്രദമായി, വിജയകരമായി ഈ പ്രശ്നത്തിൽ ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല. ഇക്കായ്യത്തിൽ സർക്കാരിൻറെയും പൊതുജനങ്ങളുടേയും യോജിച്ച സഹകരണം അപരിത്യാജ്യമാണ. ഈ വിഷയം എത്രമാത്രം ഗുരുതരമായിട്ടുണ്ടെന്നു ബസ്സ്റ്റാൻറുകളിലും ഹോട്ടലുകളിലും അല്പം മിന്നിട്ടു സൂക്ഷിച്ചാൽ മതി. കാലില്ലാത്തവർ, കയ്യില്ലാത്തവർ, കണ്ണില്ലാത്തവർ, മാംസം വറ്റിയവർ, എല്ലുരിച്ചവർ എന്നുവേണ്ട മരണത്തിൻറെയും ജീവിതത്തിൻറെയും മദ്ധ്യേക്കിടി ഇഴയുന്ന അനേകായിരം മനുഷ്യരെ അഥവാ മനുഷ്യപ്രേതങ്ങളെ നമുക്കു കാണാം. ചില പടിവാതുക്കൽ ദാരിദ്ര്യം ചവച്ചുതുപ്പി വലിച്ചെറിഞ്ഞ കൊത്തുകാംപോലെ ആളുകൾ വന്നു നില്ക്കുന്നതു പലപ്പോഴും ഞാൻ കണ്ടിട്ടുണ്ടു്. എന്തൊരു ദാരുണമായ, അനുകമ്പാർഹമായ നില. ഈ നില കാണുന്ന മിസ്സ് മേയോ ഇൻഡ്യൻദാരിദ്ര്യത്തെക്കുറിച്ചു പുസ്തകമെഴുതുന്നതു് അത്ഭുതമാണോ?

യാചകപ്രശ്നം ലോകത്തിൻറെ ശ്രദ്ധയിൽ ഒരു പരിഹാരം തേടുന്ന വിഷയമെന്നനിലയിൽ വന്നതു്, ഫന്ദാ ഫ-ൽ ഇംഗ്ലണ്ടിലാണ്. ഇതു ഏലിസബത്തിൻറെ കാലമാണെന്നു പ്രത്യേകിച്ചു പറയേണ്ടല്ലോ. പാരിഷുകളും സേർഫുകളും തമ്മിലുള്ള സാമ്പത്തികഘടന—ഫ്യൂഡലിസം—അവിടെ ധാരാളം യാചകരെയുണ്ടാക്കി. ഫന്ദാ ഫ-ൽ ഇംഗ്ലണ്ടിൽ ആദ്യമായി Poor Law ഉണ്ടായി. ഫവ്വനർ-ലും വീണ്ടും ഫൻഫ-ലും അതു അമൻഡുചെയ്തു. ഇംഗ്ലണ്ടംഗീകരിച്ച ഈ Poor Law നിർമ്മാണം ഫവ്വെ ഠ-ൽ സ്പീഡൻ, ഫവ്വന്ന-ൽ ഡെൻമാർക്കും, ഫവ്വെ ഫ-ൽ പ്രഷ്യയും, ഫവ്വെ ഠ-ൽ പോളൻറും അംഗീകരിച്ചു. റഷ്യ കമ്മ്യൂണിസ്റ്റുമാനിഫെസ്റ്റോവഴിമറെറാരു വഴിക്കു തിരിയുവാൻ ശ്രമിച്ചു. ഇതെല്ലാം ഭഗീരഥപ്രയത്നം ഇംഗ്ലണ്ടിൽ ചെയ്തിട്ടും ഇന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan]

അവിടെ യാചകന്മാരുണ്ട്. ദിവസംതോറും ശ്രമം വിജയപൂർവ്വം പുരോഗമിക്കുന്നുവെന്നുമാത്രം. ഒരു സ്ഥലത്തുനിന്ന് മറെറാരു സ്ഥലത്തേയ്ക്ക് യാചകന്മാർ അലഞ്ഞു തിരിയാതിരിക്കുവാൻ കാത്തു ശ്രദ്ധിക്കുക, കൈപ്പുതകിൽ പച്ചകുത്തുക, മുതലായ നടപടികരംപോലും പുരാതനഇംഗ്ലണ്ടു് ചെയ്യേണ്ടി വന്നിട്ടുണ്ട്.

PRESIDENT : Does the honourable member think that in those countries there is no beggary? Of course, beggary with open hands does not exist there. As any visitor to London, Paris or Berlin can see, open begging in the sense of extending one's hands for alms is penalised. The Policeman will at once catch hold of the man. What they do is they hold a match box in their hands and they come and say 'Sir, you buy a match box.' Then he would say "Sir, I am starving". The Police man comes round and goes away. There are laws against beggary in European countries. But to say that there is complete eradication of begging is not correct. The only thing is that it takes very many insidious forms. There is a large number of absolute cripples, and disabled people who lead a very miserable existence and who therefore ought to be fed by the State or the people of the State. What is called gentlemanly begging is in existence both here and elsewhere.

MR. K. R. NARAYANAN : സർ, യൂറോപ്യൻ രാജ്യങ്ങളിൽ യാചനയ്ക്ക് ഒരു വ്യത്യാസമുണ്ടെന്നാണല്ലോ അങ്ങു പറയുന്നത്. ഇങ്ങോട്ടു ധർമ്മം സ്വീകരിച്ചുകൊണ്ട് അങ്ങോട്ടൊരു തീപ്പെട്ടിക്കൊള്ളയോ, മൊട്ടസൂചിയോ, കൊടുക്കുന്ന രീതി ഭിക്ഷാടനത്തിലെ നേരംപോക്കാണ്. അയ്യോ ഭിക്ഷയ്ക്ക് ഭിക്ഷയല്ലെന്ന കൂപ്പായമിടീലാണ്.

നമുക്കിവിടെ ഈ പ്രശ്നം ഏതു വിധം നേരിടാമെന്നാണു അടുത്തതായി പ്രതിപാദിക്കുവാൻ ആഗ്രഹിക്കുന്നത്. ഈ പദ്ധതിയിൽ വഞ്ചിപൂവർഫണ്ടിന്റെ ഉപയോഗപ്രദമായ വിനിയോഗത്തെക്കുറിച്ചും, കോട്ടയം മുൻസിപ്പാലിറ്റി നടത്തുന്ന സേവനങ്ങളെക്കുറിച്ചും, മുണ്ടക്കപ്പാടം അഗതിമന്ദിരത്തെക്കുറിച്ചും, തിരയെടുക്കുന്ന സന്തോഷത്തോടുകൂടിയല്ലാതെ, വേലിയേറ്റം കൊള്ളുന്ന വൃദ്ധയത്തോടുകൂടിയല്ലാതെ അനുസ്മരിക്കുക സാദ്ധ്യമല്ലാ. ഫ്രാൻ-ൽ, ഫ്രാങ്ക് രൂപാ ചിലവാക്കി വ്രാവർ പേർക്കു സീതാലക്ഷ്മിഅമ്മാൾ ഹാളിൽനിന്ന് അന്നദാനം ചെയ്യുവെന്നുള്ളത് ഏതു കഠിനഹൃദയനെയാണു പുളകംകൊള്ളിക്കാത്തത്. കഴിഞ്ഞകൊല്ലത്തിൽ ഈ വിഷയം മി: ജി: വേലുപ്പിള്ള ഒരു നിശ്ചയംവഴി ഈ സഭയിൽകൊണ്ടുവന്നു. അന്നും എന്നും ഗവണ്മെൻറു ചില പ്രായോഗികവിഷമങ്ങളാണു, അനുഭാവമുണ്ടെങ്കിലും മുന്നിക്കാണിക്കുന്നത്. ആ വിഷമങ്ങൾക്കുള്ള പരിഹാരംകൂടി സാമാന്യമായി ഈ പ്രസംഗത്തിൽ നിർദ്ദേശിക്കണമെന്നു ഞാൻ കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഫ) യാചകന്മാരെ തരം തിരിക്കുന്നകാര്യം—ഇതിനു ഒരുദ്യോഗസ്ഥനെ വച്ചു സെൻസസ് എടുത്തു തരം തിരിക്കണം.

(ച) നിയമമുണ്ടാക്കുന്നതിനു ഈ അസംബ്ലിതന്നെ നിയമനിർമ്മാണത്തിന്റെ ആദ്യപടി തുടങ്ങേണ്ടതാണ്. മദ്രാസ്സുനിയമസഭയിലും ബങ്കാൾ നിയമസഭയിലും ഈ പ്രശ്നം അതിന്റെ പ്രാരംഭാലോചനയ്ക്കു വന്നിട്ടുള്ള കാര്യം ഈ അവസരത്തിൽ ചിന്തിക്കേണ്ടതാണ്.

(ഝ) ഫണ്ടുണ്ടാകേണ്ടകാര്യം. ഇതിനു ഒരു Poor tax ഏർപ്പെടുത്തുകയോ, ആദായനികുതി കൂട്ടുകയോ ചെയ്യണം. ഓരോ വിവാഹത്തിനും ഓരോ നികുതി ചുമത്തി, ആ സംഖ്യ ഇതിനു വിനിയോഗിക്കാവുന്നതാണ്. പാവങ്ങളുടെ രക്ഷയ്ക്കുള്ള ഈ നികുതി ഒരു ഭാരമായി വ്യക്തിയും കരുതുകയില്ലാ. നമ്മുടെ സ്റ്റോറു റവന്യൂവിൽ നിന്നു തന്നെ ഒരു നല്ല സംഖ്യ ഇതിനു മാറ്റാവുന്നതാണ്, മാറ്റേണ്ടതുമാണ്. പാവങ്ങളുടെ രക്ഷയ്ക്കു ധനവാന്മാർ കൂടുതൽ നികുതിഭാരം വഹിക്കണമെന്നു പറയുന്ന ഈ പതനത്തിൽ മഹാത്മാഗാന്ധി, ഗാന്ധി സീരീസ് രണ്ടാംഭാഗത്തിന്റെ പേജ് 101 പുറത്തുപറയുന്ന ഒരു വാചകം ഉദ്ധരിക്കുന്നതു സന്ദർഭോചിതമായിരിക്കും. ആ വാചകംഇതാണ്.

"ഒരുത്തനോ ഒരുത്തിയോ, സമ്പാദിച്ചിട്ടുള്ള വസ്തുക്കൾ ദാനം കൊടുക്കാതെ അവർക്കുതന്നെ അനുഭവിക്കുവാൻ അർഹതയില്ല. അപ്രകാരം കേവലം വച്ചു കൊണ്ടിരുന്നാൽ അവൻ കള്ളനിൽ കള്ളനാണ്"

അഷ്ടാദശപുരാണങ്ങളും വഴി വ്യാസൻ പറയുന്നതു ഈ പരോപകാരമാണ്. സ്നേഹമുത്തിയായ ക്രിസ്തുവും, ദയാസിന്ധുവായ ബുദ്ധനും ഉപദേശിക്കുന്നതു ഈ പരോപകാർമാണ്. നിബിയുടെ സക്കാത്തു ഇതല്ലാതെ മറ്റൊന്നുമല്ലാ. ധനവാന്മാർ അഗതികൾക്കുവേണ്ടി ചെയ്യുന്ന ഈ ഓരോ സേവനവും, സൂക്ഷിച്ചുനോക്കിയാൽ അവരുടെ അന്തരാത്മാവിൽത്തന്നെ സുകൃതഫലങ്ങൾ ചേക്കുന്നതു കാണുവാൻ കഴിയും.

(ര) കൂടുതൽ യാചകന്മാരുണ്ടാകാതെ സൂക്ഷിക്കണം. അതിനു പുറത്തുനിന്നുള്ള യാചകരെ തടയണം. പാസ്സോടുകൂടിയ ഒരു യാചകനേ രാജ്യത്തിനകത്തു വരാവു എന്നു വെയ്ക്കണം. യാചകരിൽ അരോഗ്യമുള്ളവർക്കും, നാളെ യാചകരാകത്തക്കവിധത്തിൽ വിദ്യയുള്ളവർക്കും, തൊഴിലുണ്ടാക്കണം. യാചകരും

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

രോഗികളും കല്യാണം കഴിക്കുന്നതു നിയമംവഴി തടയണം. സ്റ്റേറിന്റെ സർട്ടിഫിക്കേറു കിട്ടുന്നവർക്കേ കല്യാണം കഴിക്കാവു എന്നൊരു നിയമം വരുന്നതു് പുരോഗമനപരവും പ്രയോജനകരവുമാണു്.

ഇംഗ്ലണ്ടിൽ ഈ യാചകദുരിതനിവാരണം പബ്ലിക്കഹെൽത്തു മിനിസ്റ്ററിയാണു നടത്തുന്നതു്. അവിടെ കൗണ്ടികൗൺസിൽ, കൗണ്ടിബറോകൗൺസിൽ, ഗാർഡിയൻസുകമ്മറിക്കും, ഇതു വഴി ഇതിന്റെ ഭരണം നടത്തുന്നു. നമുക്കിവിടെ കാർപ്പറേഷൻ, മുൻസിപ്പാലിറ്റികളും, മിഡ്വൈഫറിക്കേന്ദ്രങ്ങളും, വില്ലേജുപഞ്ചായത്തുകളും, വില്ലേജുയൂണിയൻസുകളും, ഇതുവഴി ഈ ഭരണം നടത്താവുന്നതാണു്. വിപുലമായ തോതിൽ സംഘടിച്ചു പൊതുജനസ്ഥാപനങ്ങളും നിന്നാൽ ഈ മനുഷ്യപ്രേതങ്ങളെ മനുഷ്യരായിതന്നെ മാറ്റുവാൻ കഴിയും. പുരാതന ധർമ്മരാജ്യം ആഗതി സംരക്ഷണത്തിനു വളരെ പ്രാധാന്യം കൊടുത്തിരുന്നു. ഇന്നത്തെ ഉത്തുപുരകളും ഈ സംരക്ഷണത്തിന്റെ പഴയ ഓർമ്മകളും പുതുക്കുന്ന സ്മാരകങ്ങളാണു്. അന്നു വിശക്കുന്നവർക്കുവേണ്ടി കൊടുത്തിരുന്ന ആഹാരം ഇന്നു വിശക്കാത്തവർക്കായിരിക്കുന്നുവെന്നൊരു വ്യത്യാസം കാലത്തിന്റെ മറിച്ചിലിൽ വന്നുപോയി. വിശക്കാത്തവർക്കു് കൊടുക്കുന്നതിൽ എനിക്കസൂയയില്ല, പരാതിയില്ല. വിശക്കുന്നവർക്കുകൂടി പശിയടക്കുവാൻ ഈ ധർമ്മരാജ്യം ഒരു ശാശ്വതമാർഗ്ഗം കാണേണ്ടതാണെന്നുമാത്രം.

1917-നു മുമ്പു് മെസ്ക്കോപട്ടണത്തിൽ അന്പതിനായിരം യാചകന്മാരുണ്ടായിരുന്നു. 1929-ൽ അതുവരെ ഇന്നായികുറഞ്ഞതത്രേ. 1929-ൽമെസ്ക്കോ സന്ദർശിച്ച പാറുസ്റ്റോൺ എന്ന മഹാൻ പറയുന്നു. ഇന്നു തിരുവിതാംകൂർ സന്ദർശിക്കുന്നവർ അനവധി യാചകരെ കാണും. ഞങ്ങൾകൊല്ലം കഴിഞ്ഞു് ഈ ശ്രീവാഴുംകോട്ട സന്ദർശിക്കുന്നവർ ഒരു യാചകനേയും കാണാതിരിക്കത്തക്ക വിധത്തിൽവേണ്ടതു ചെയ്യുവാൻ പാവങ്ങളുടെ ബന്ധുവായ രേണമേധാവിയോടു ഞാൻ അഭ്യർത്ഥിക്കുന്നു. ഈ വഴിക്കു ഇക്കാലത്തെ ഭരണം "ഗ്രാമരാജ്യ"മാകട്ടെ. ഈ വിഷയത്തിനുനമ്മുടെ നഗരസഭകൾക്കുള്ള മുഖ്യമായ ഉത്തരവാദിത്വവുമുള്ളതാണു്. ഈ സഭയിൽ കൊല്ലം, തിരുവനന്തപുരം, തക്കല മുതലായ സ്ഥലങ്ങളിലെ ഞങ്ങൾ പ്രസിഡന്റന്മാർ മെമ്പറന്മാരാണു്

LIBRARY ARCHIVES Kerala Legislative Assembly

ഈ ചത്തുരവീരന്മാരായ ''അഞ്ചുകാന്തന്മാരും''കൂടി ഇക്കാര്യത്തിൽ സൃഷ്ടി പരമായ ഒരു കായ്പരിപാടിയുണ്ടാക്കണം. ഈ വക കായ്ങ്ങൾക്കു ഇന്നത്തെപോലെ നല്ല അവസരം അധികം ഉണ്ടാവുകയില്ലാ. സഭയുടെ ആലോചനയ്ക്ക് അനേകായിരം പാവങ്ങളുടെ നമോധേയത്തിൽ ഈ നിശ്ചയം ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

MR. CHAZHIKATTU JOSEPH: സർ, മി. കെ. ആർ നാരായണൻ ഇവിടെ അവതരിപ്പിച്ച യാചകപ്രശ്നത്തെ സംബന്ധിച്ച ഉപക്ഷേപത്തെ പിൻതാങ്ങിക്കൊണ്ട് ഒരു സംഗതി പറയുന്നതു് അനുചിതമല്ലെന്നു ഞാൻ വിചാരിക്കുന്നു. സർ, നമ്മുടെ രാജ്യത്തു് വീടുതോറും അലഞ്ഞുതിരിയുന്ന യാചകന്മാരിൽത്തന്നെ രോഗികളും അംഗഹീനന്മാരും, എന്നാൽ വേലചെയ്യാൻ കഴിവുള്ള ഒരുക്രൂട്ടം യാചകന്മാരും ഉൾപ്പെടെ അനവധിയാളുകൾ ഈ തൊഴിൽകൊണ്ടു് ജീവിക്കുന്നു. ഇതിൽ അവശരായ ഭിക്ഷുക്കൾക്ക് അവരുടെ ദുരിതനിവാരണത്തിനായി എന്തെങ്കിലും ഒരു വ്യവസ്ഥയുണ്ടാക്കുന്നതു് ഒരു മനുഷ്യധർമ്മം മാത്രമാണ്. സർ, ബൈബിളിൽ, ദൈവപുത്രനായ യേശുക്രിസ്തു അദ്ദേഹത്തിന്റെ അന്ത്യന്യായവിധിദിവസം ലോകവാസികളെ സംവീക്ഷണം ചെയ്തുകൊണ്ടു് ഇങ്ങനെ അരുളിച്ചെയ്യുമെന്നു എഴുതിയിരിക്കുന്നു. ''എന്റെ പിതാവിനാൽ ലോകാരംഭം മുതൽ നിങ്ങൾക്കായി ഒരുക്കിയിട്ടിരിക്കുന്ന സ്വർഗ്ഗരാജ്യത്തിലേയ്ക്കു് നിങ്ങൾ എന്നോടുകൂടി വരുവിൻ. എന്തുകൊണ്ടെന്നാൽ എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു. എനിക്കു ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു. ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ വന്നു കണ്ടു.''— അപ്പോൾ ഒരുവൻ മുന്നോട്ടു വന്നു് അദ്ദേഹത്തോടു പറഞ്ഞു:—''അവിടന്നു് വിശന്നും ദാഹിച്ചും എപ്പോഴെങ്കിലും ഞങ്ങളുടെയടുക്കൽ വന്നിട്ടുണ്ടോയെന്നും, വല്ലതും തന്നിട്ടുണ്ടോയെന്നും ഓർക്കുന്നില്ല'' എന്നു്. അപ്പോൾ അദ്ദേഹം അരുളിച്ചെയ്തു:—''എന്റെ നാമധേയത്തിൽ യാതൊരുവനു്, തുച്ഛി പച്ചവെള്ളമെങ്കിലും കൊടുത്തിട്ടുണ്ടോ, യാതൊരുവനു് ഒരു തുണ്ടു വസ്ത്രമെങ്കിലും കൊടുത്തിട്ടുണ്ടോ, യാതൊരുവനു് വിശപ്പിനു് എന്തെങ്കിലും കൊടുത്തിട്ടുണ്ടോ അതു എനിക്കു തന്നതുപോലെ ഞാൻ കരുതപ്പെട്ടും'' എന്നു്. പാപികളായ ജനങ്ങളെ നോക്കിക്കൊണ്ടു് ക്രിസ്തു പറയുന്നു. ''എന്റെ പിതാവിനാൽ നിങ്ങൾക്കായി ഒരുക്കിയിട്ടുള്ള നിത്യ നരകത്തിലേയ്ക്കു് നിങ്ങൾ പ്രവേശിപ്പിൻ. എന്തുകൊണ്ടെന്നാൽ ഞാൻ ദാഹിച്ചു നിങ്ങളുടെ പക്കൽ വന്നു. നിങ്ങൾ എനിക്കു കുടിപ്പാൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Chazhikattu Joseph.]

തന്നില്ല. ഞാൻ വിശന്നു നിങ്ങളുടെ പക്കൽ വന്നു, നിങ്ങളും എനിക്കു ഒന്നും ഭക്ഷിപ്പാൻ തന്നില്ല. ഞാൻ നഗ്നനായി നിങ്ങളുടെ പക്കൽ വന്നു, നിങ്ങളും എനിക്കു ഒരു കീറവസ്ത്രംപോലും തന്നില്ല. ആകയാൽ നിങ്ങളും ശപിക്കപ്പെട്ടവരാകുന്നു" സർ, ഈ ഉൽകൃഷ്ടതത്വത്തെ അനുവർത്തിക്കാത്ത മനുഷ്യർ ദൈവത്തിന്റെ മുൻപിൽ അപരാധികളായിത്തീരുന്നതാണെന്നാണ് ക്രിസ്തുമതതത്വം. ആയതിനാൽ ഗവണ്മെൻറും നാട്ടിലുള്ള ഉദാരശിരോമണികളായ സമ്പന്നന്മാരും ഒത്തൊരുമിച്ച് ഇതിനൊരു പരിഹാരമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

MR. K. A. MATHEW: I hasten to give my support to Mr. Narayanan. The number of beggars in Travancore is increasing daily. It is a symptom of the growing economic degradation of a section of the people of Travancore. Beggary, if we probe into the causes, is found to be the result of poverty It is an evidence of the mal-adjustment in the economic structure of the country. The society is responsible for the condition which breeds indigence and beggary. The problem of beggary is an outcome of the extreme inequality in wealth. It cannot be solved by treating symptoms without diagnosing causes. I want the House to go deeply into the question and try to meet it on a radical basis.

As I said before, the problem of beggary is the result of poverty and I do not believe that it can be solved by feeding them at feeding houses and even by providing them with food out of the Vanchi Poor Fund. They are all good so far as they go, but they are not going to solve the problem of beggary to the greatest extent that we would like to see it done. Such acts of charity are only ambulance work organised to give temporary relief. It is our duty to do so, but I would like the House to remember that it is only just ambulance work. It is not striking at the root of the problem.

I believe that it should be one of the first charges of the State to take care of its aged, disabled and sick. A good number of beggars in our midst are aged, and disabled who cannot do any work. It is the responsibility of the community and the State to provide asylums for such. They have a right to depend on us, because they are victims of unfavourable circumstances for the creation of which we are also responsible and it should be the duty of the Government to find shelter for these unfortunate people. Several Governments are working in the matter. The Mysore Government have appointed a committee to go into this matter. I hope the Travancore Government also will take up this question in right earnest. The able bodied must be provided with work. The Government must promulgate necessary legislation to meet the problem of beggary.

Mr. Narayanan referred to the municipalities in Travancore as being fit to take up this work. It is certainly one of the primary

LIBRARY ARCHIVES Kerala Legislative Assembly

duties of the municipalities to turn their attention to this matter and find a solution for the problem in their respective areas. Every municipality and every village union and village panchayat should consider it as one of its primary tasks to tackle this problem.

We find in Trivandrum and in other municipal towns a large number of lepers and other beggars with chronic diseases roaming about and proving themselves a pest to the whole population. It is a very pitiable sight to see them on the high ways and by—lanes of our towns. Nobody cares for them. Public Conscience is not roused in this matter. From my experience in this city of Trivandrum., I find there is a large number of waifs and strays who have gravitated to the city from other parts of the State. It is the duty of the citizens, and of the Government to look after these helpless, miserable children who swell the ranks of beggars. If they could be fed and trained for any particular job, they would certainly be an asset to the community. But unfortunately, these boys are left uncared-for and are left victims of poverty and vice. Many of them live on the leavings of food thrown out from the hotels and barracks' kitchens.

Persons disabled from economic activity whether by sickness, infirmity or age should not be economically penalised on account of their disability. But on the contrary, they should be the object of particular care of the State. Therefore I would urge the Government to direct their earnest attention to this very urgent and important problem. I hope the conscience of the public of Travancore will be aroused in regard to this matter and that this House would give all encouragement possible. I also trust that the Government would take the necessary steps for solving this problem. For, it is a matter which concerns the socially disinherited and the economically disinherited section of our population.

MR. T. T. KESAVAN SASTRI (*Nominated*): സർ, ഞാൻ ഈ ഉപേക്ഷാപത്തിന്റെ തത്വത്തോട് ഹൃദയപൂർവ്വം അനുകൂലിച്ചുകൊള്ളുന്നു. ഈ രാജ്യത്തുള്ള ദരിദ്രജനസമ്പ്രദായത്തിനുവേണ്ടി ബഹുമാനപ്പെട്ട ഗവണ്മെൻറിൽനിന്നും നേരിട്ടും അല്ലാതെയും സദയം നൽകുന്ന എല്ലാ സഹായസഹകരണങ്ങളും ഓർത്താൽ തികച്ചും പ്രശംസാർഹം തന്നെയാണ്. ഒന്നിനൊന്നിന് യാചകന്മാരുടെ എണ്ണവും, അവരുടെ ഈ യാചകതൊഴിലും വർദ്ധിക്കാതെയിരിക്കുന്നതിന്, തിരുവിതാംകൂർ ഗവണ്മെൻറും ഇവിടത്തെ സമ്പന്നരായ ഉദാരശിരോമണികളും സദയം ഒത്തൊരുമിച്ച് സ്ഥിരമായ ഏതെങ്കിലും ഒരു പോംവഴി ഉണ്ടാക്കണമെന്നുള്ളതാണല്ലോ പ്രമേയകർത്താവിന്റെ ഉദ്ദേശം. അത് തികച്ചും അഭിലാഷ്യമെന്നുമാത്രമല്ലാ അടിയന്തരീയവും അനുപേക്ഷണീയവും കൂടിയാണ്. കരുണാനിധിയായ ശ്രീചിത്തിരതിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സിലേയും, അവർകളുടെ ഔദാര്യകാരുണ്യമായ അങ്ങയു

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. T. Kesava Sastri]

ടേയും ദീനാനുകമ്പയോടുകൂടിയ ഇവിടെ ശ്രീചിത്തിര ആഗതിമന്ദിരവും, വഞ്ചിഅന്നദാനഫണ്ടും അന്നദാനമണ്ഡപവും സ്ഥാപിച്ചതുകൂടാതെ, മറ്റു പല ധർമ്മസ്ഥാപനങ്ങളും ഉൽഘാടനം ചെയ്തതിന്റെ ഫലമായി അയ്നാട്ടിലുള്ള അനേകായിരം ദരിദ്രനാരായണന്മാരെ തൃപ്തിപ്പെടുത്തുവാൻ, അഭയംനൽകുവാൻ, സാധിച്ചു എന്നുള്ളതു, യഥാർത്ഥത്തിൽ നമ്മുടെ ധർമ്മരാജ്യത്തിന്റെ പാവനമായ പാരമ്പര്യത്തെ അനുസ്മരിപ്പിക്കുന്ന ഒരു മഹൽകൃത്യമായിട്ടാണ് തീർന്നിരിക്കുന്നതു്. എങ്കിലും ഈ ധർമ്മസ്ഥാപനങ്ങളിൽനിന്നും നേരിട്ട് സഹായം ലഭിക്കുവാൻ സാധിക്കാതെ അനേകം പാവങ്ങളും, സ്വന്തമായി വേലചെയ്യാൻ കെൽപ്പില്ലാത്ത സാധുക്കളും, നാട്ടിൻപുറത്തും, പട്ടണപ്രാന്തങ്ങളിലുംമറ്റും അലഞ്ഞുതിരിഞ്ഞു് യാചകവൃത്തികൊണ്ടുമാത്രം ജീവിക്കുന്നുണ്ടു്. ഇവരിൽ ഏറിയ പങ്കും മഹാരോഗികളും, നിസ്സഹായരും, മൂകാന്ധന്മാരും, അംഗഹീനരുമാണു്. ഈ എളിയ സാധുക്കളേയും ഏതെങ്കിലും തരത്തിൽ സഹായിക്കേണ്ട മുമതലകൂടി, മനുഷ്യധർമ്മംകൂടി, മറ്റാരുകൊടുക്കു് ഉണ്ടെന്നുള്ള വസ്തുത അനുസ്മരിച്ചു് വിവരം ഈ സഭയേടേയും ബഹുമാനപ്പെട്ട ഗവൺമെൻറിന്റേയും സവിശേഷമായ സത്പരിഗണയ്ക്കു വിധേയമാക്കിക്കൊണ്ടു് പ്രമേയത്തെ ഞാനും വളരെയുൽസാഹപൂർവം പിൻതാങ്ങിക്കൊള്ളുന്നു.

RAJYASEVAPRAVINA G. PARAMESWARAN PILLAI: I have great pleasure in accepting the principles of this resolution. It is well known to the honourable members of this House that the Government have viewed this question with very great sympathy in the past and will continue to devote their earnest attention to developing the centres of beggar relief throughout the State. At Trivandrum, His Highness the Maharaja established the 'Sri Chitra Poor Home' with a contribution of Rs. 50,000 and the development of that institution is now assured as will be seen from the circumstance that the Government have acquired the lands necessary for the purpose at a cost of nearly Rs. 50,000 and have also agreed to contribute to the buildings necessary for the purpose. The Corporation of Trivandrum has collected funds towards the maintenance of this institution, and a liberal grant has also been promised by Government in this direction.

MR. A. P. UDAYABHANU: Without careful study and planning, can the problem of beggary be rooted out? Are not these things mere window decorations?

RAJYASEVAPRAVINA G. PARAMESWARAN PILLAI: The honourable member could have waited a bit.

It is also noted with great satisfaction that public spirited citizens at Alleppey and at Kottayam—particularly at Kottayam—have come forward with a view to see that some solution is arrived at in regard to this matter.

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLAI: In view of the fact that the disease is chronic and the remedy must be radical, should not a scheme of social reconstruction such as the Beveridge Plan be attempted?

RAJYASEVAPRAVINA G. PARAMESWARAN PILLAI: This is essentially a matter where the initiative and the co-operation must come from the people. In fact, it should be actuated by an impulse of the people, and we appeal to the public-spirited citizens including the honourable members of the House to see that this very difficult problem is solved in as satisfactory a manner as possible. It is not merely financial aid or financial contribution that will help the solution of this problem but it is an innate spirit of humanity and personal sympthy that would be most welcome in order that the object behind these institutions might be achieved.

MR. A. P. UDAYABHANU: For the initiative to come from the people, is not a responsible Government necessary?

PRESIDENT: It being 6 O' Clock the matter will now stand over.

The House adjourned *sine die* at 6 P. M.

S. VAIDYANATHA IYER,
Secretary, Sri Mulam Assembly.

LIBRARY ARCHIVES Kerala Legislative Assembly